# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുടുംബം സ്നേഹത്തിന്റെ സത്യം പഠിപ്പിക്കണം: ഫ്രാൻസിസ് മാർപാപ്പ



വത്തിക്കാൻ സിറ്റി: കുടുംബം സ്നേഹത്തിന്റെ സത്യം പഠിപ്പിക്കുന്നില്ലെങ്കിൽ വേറൊരു വിദ്യാലയത്തിനും അതു പഠിപ്പിക്കാൻ സാധിക്കുകയില്ലെന്ന് ഫ്രാൻസിസ് മാർപാപ്പ. ഇന്നലെ സെന്റ് പീറ്റേഴ്സ്ചത്വരം നിറഞ്ഞുകവിഞ്ഞ തീർത്ഥാടകർക്ക് പൊതുസന്ദർശനം നല്കുന്നതിനിടെ വചനസന്ദേശം നല്കുകയായിരുന്നു മാർപാപ്പ.
ഒരു നിയമത്തിനും മനുഷ്യമഹത്ത്വത്തിന്റെ അമൂല്യനിധിയായ സ്നേഹത്തിന്റെ സൗന്ദര്യം അടിച്ചേൽപ്പിക്കാൻ സാധിക്കുകയില്ല. അതു നമ്മുടെ കുടുംബങ്ങളിൽനിന്നു നമ്മൾ സ്വാംശീകരിച്ചെടുക്കണം. സ്നേഹമില്ലാത്ത കുടുംബം ഒരു വൈരുധ്യമാണ്.
ഈ കാലഘട്ടത്തിൽ പരസ്പരം നല്കുന്ന വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ കുറവുണ്ടാകുന്നു. ഓരോ വ്യക്തിയും വ്യക്തിപരമായ സംതൃപ്തിയാണ് അന്വേഷിക്കുന്നത്. കുടുംബം എന്ന യാഥാർത്ഥ്യം നിലനിൽക്കുന്നത് നല്കുന്ന വാഗ്ദാനങ്ങളിലുള്ള വിശ്വസ്തതയിലാണ്. സ്വാതന്ത്ര്യമില്ലാതെ സ്നേഹബന്ധമില്ല. സ്നേഹമില്ലാതെ വിവാഹമില്ല. സ്വാതന്ത്ര്യവും വിശ്വസ്തതയും പരസ്പരം എതിർക്കുന്നില്ല. മറിച്ച് പരസ്പരം സഹായിക്കുന്നുവെന്നും മാർപാപ്പ കൂട്ടിച്ചേർത്തു.
കേരളകത്തോലിക്കാസഭ പശ്ചിമേഷ്യയിലെ ജനങ്ങളെ സഹായിക്കാനായി സമാഹരിച്ച തുക ഇന്നലെ കെ.സി.ബി.സി. പ്രസിഡന്റും സീറോമലങ്കരസഭ മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കാ ബാവ ഫ്രാൻസിസ് മാർപാപ്പായ്ക്കു കൈമാറി. സീറോമലബാർസഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, പുനലൂർ ബിഷപ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ, മലങ്കര കാത്തലിക് അസോസിയേഷൻ മുൻ പ്രസിഡന്റ് പ്രഫ. ജേക്കബ് എം. എബ്രഹാം എന്നിവരും തദവസരത്തിൽ സന്നിഹിതരായിരുന്നു.
ഇന്നു രാവിലെ ഒമ്പതുമുതൽ പന്ത്രണ്ടരവരെ നടക്കുന്ന പതിനഞ്ചാം പൊതുസമ്മേളനത്തിൽ സിനഡിന്റെ അവസാനപ്രമേയത്തിനുവേണ്ടിയുള്ള കരട് രേഖ അവതരിപ്പിക്കുന്നതും സിനഡ് പിതാക്കന്മാർക്ക് അതിന്റെ പകർപ്പ് നല്കുന്നതുമാണ്. ഉച്ചകഴിഞ്ഞ് നാലരമുതൽ ഏഴുവരെ നടക്കുന്ന പതിനാറാം പൊതുസമ്മേളനത്തിൽ സിനഡ് പിതാക്കന്മാർ ഈ കരട് രേഖയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് സംസാരിക്കുന്നതും അവരുടെ നിർദ്ദേശങ്ങൾ എഴുതി സമർപ്പിക്കുന്നതുമാണ്.